# നവകേരള സൃഷ്ടിക്കായി 'കുടുംബശ്രീ'യും

കഴിഞ്ഞ ഏപ്രിൽ എട്ടു മുതൽ 2017 ഡിസംബർ 23 വരെയുള്ള മലയാള മനോരമ ആഴ്ചപ്പതിപ്പിൽ കുടുംബശ്രീ കുടുംബ വിശേഷം എന്ന പേരിൽ ഒരു പംക്തി പ്രസിദ്ധീകരിച്ചിരുന്നു. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളെ പുതിയ പദ്ധതികളെക്കുറിച്ചു പരിചയപ്പെടുത്താനും അവസരങ്ങളെക്കുറിച്ച് അറിയിക്കാനുമായിരുന്നു ഈ പംക്തി ഉപയോഗപ്പെടുത്തിയിരുന്നത്. ഈ പംക്തിക്കു വായനക്കാർക്കിടയിൽ മികച്ച സ്വീകരണമാണു ലഭിച്ചത്.

കേരളം നേരിട്ട മഹാപ്രളയത്തിൽ നിന്നു സംസ്ഥാനത്തെ കൈപിടിച്ചുയർത്താൻ കുടുംബശ്രീ അംഗങ്ങൾ ഫലപ്രദമായ ഇടപെടലുകളാണു നടത്തിയത്. പ്രളയദുരിതമുണ്ട ായതു മുതൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അവർ സജീവമായിരുന്നു. നാലു ലക്ഷത്തോളം കുടുംബശ്രീ അംഗങ്ങൾ സന്നദ്ധസേവന പ്രവർത്തനങ്ങളിൽ പങ്കാളികളായി. അയൽക്കൂട്ട വനിതകൾ ചേർന്നു രണ്ടുലക്ഷം വീടുകളും പരിസരങ്ങളും 13000ത്തോളം പൊതു ഇടങ്ങളും ശുചീകരിച്ചു. പ്രളയത്തിലകപ്പെട്ട 39000 കുടുംബങ്ങൾക്ക് അയൽക്കൂട്ടാംഗങ്ങൾ സ്വഭവനങ്ങളിൽ അഭയമേകി. 40000 ദുരിതബാധിതർക്കു കൗൺസലിങ് സേവനവും കുടുംബശ്രീയേകി. അയൽക്കൂട്ട അംഗങ്ങളുടെ ഒരാഴ്ചത്തെ ലഘുസമ്പാദ്യം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവനയായി നൽകി. ഇത്തരത്തിൽ 11.18 കോടി രൂപയാണു കുടുംബശ്രീ അംഗങ്ങളിൽ നിന്നു സമാഹരിച്ചത്.

കൂടാതെ കേരളത്തിന്റെ പുനരുദ്ധാരണം ലക്ഷ്യമിട്ടു കേരള സർക്കാർ പുറത്തിറക്കിയ നവകേരളം സംസ്ഥാന ഭാഗ്യക്കുറികളുടെ വിൽപനയിലും കുടുംബശ്രീ അംഗങ്ങൾ സജീവ പങ്കാളിത്തം വഹിച്ചു. 1054 കുടുംബശ്രീ സിഡിഎസുകൾ (കമ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി) കാഷ്വൽ ഏജൻസിയെടുത്തു. ഇതു വഴി 18252 കുടുംബശ്രീ അംഗങ്ങൾ ടിക്കറ്റ് വിൽപനയിൽ സജീവ പ്രവർത്തനം നടത്തി. 3.69 ലക്ഷം ടിക്കറ്റുകൾ വിറ്റഴിച്ച അവർ അത്തരത്തിൽ 9.23 കോടി രൂപ സമാഹരിച്ചു. പ്രളയബാധിതർക്കായി ഒരുലക്ഷം രൂപയുടെ കേരള റീസർജന്റ് ലോൺ സ്കീമും (ആർകെഎൽഎസ്) കുടുംബശ്രീ വഴി നടപ്പാക്കി വരുന്നു. 1.41 ലക്ഷം അയൽക്കൂട്ട അംഗങ്ങൾ വായ്പയ്ക്കായുള്ള അപേക്ഷകൾ സമർപ്പിച്ചുകഴിഞ്ഞു. ബാങ്കുകൾ 100 കോടി രൂപ വായ്പ അനുവദിച്ചു.



**ഹരികിഷോർ ഐഎഎസ്,**
എക്സിക്യൂട്ടീവ് ഡയറക്ടർ.

വിജയശ്രീ

**ചെറിയൊരു പ്രദേശത്തെ രോഗികളായവരുടെ പ്രഷറും പ്രമേഹവും പരിശോധിച്ചു മാസംതോറും 75,000 രൂപ നേടുന്ന ദീപ്തി രാജീവിന്റെ മാത്യക തൊഴിലില്ലാത്ത മറ്റു പെൺകുട്ടികൾക്കും സ്വീകരിക്കാമല്ലോ.**

# പ്രഷറും പ്രമേഹവും പരിശോധിച്ച് പ്രതിമാസം75,000 രൂപ!




രാവിലെതന്നെ വീട്ടുജോലിയെല്ലാം ഒതുക്കി സ്കൂട്ടറുമെടുത്ത് തന്നെ കാത്തിരിക്കുന്ന രോഗികൾക്ക് അരികിലേക്കു സാന്ത്വനവുമായെത്തുന്ന ദീപ്തി സേവനത്തിനൊപ്പം സ്വന്തമാക്കുന്നത് മാസം 75,000ത്തിലേറെ രൂപ! ചില മാസങ്ങളിൽ ഈ വരുമാനം ഒരു ലക്ഷം രൂപ വരെയെത്തും. സംസ്ഥാന ദാരിദ്ര്യനിർമാർജന ദൗത്യമായ കുടുംബശ്രീ നടപ്പാക്കുന്ന സാന്ത്വനം പദ്ധതിയുടെ വൊളന്റിയറാണു ദീപ്തി. സാധാരണക്കാരിലുള്ള രക്തസമ്മർദവും പ്രമേഹവും അടക്കമുള്ള ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധനാ സൗകര്യങ്ങൾ ഒരുക്കുകയാണിവർ.

ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് സ്വദേശിനിയാണു ചാത്തേത്തു കിഴക്കേതിൽ ദീപ്തി രാജീവ്. കുടുംബശ്രീയുടെ സജീവ പ്രവർത്തകയായ ദീപ്തി ഇതു സംബന്ധിച്ച പരിശീലനം പൂർത്തിയാക്കിയാണു ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ (ഹാപ്) എന്ന എൻജിഒയുമായി സഹകരിച്ചു പ്രവർത്തിക്കുന്നത്. ഹാപ്പും കുടുംബശ്രീയും ചേർന്നു നൽകിയ ഏഴു ദിവസത്തെ പരിശീലനത്തിൽ രക്തസമ്മർദവും പ്രമേഹവും കൊളസ്ട്രോളും മറ്റും പരിശോധിച്ചറിയുന്നതിനും അതിനായുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുമുള്ള വൈദഗ്ധ്യം ദീപ്തി നേടുകയായിരുന്നു. സ്വന്തം സമ്പാദ്യവും ബാങ്ക് ലോണും ഉൾപ്പെടെ 85,000 രൂപ ചെലവഴിച്ചു പരിശോധനാ ഉപകരണങ്ങളും ഒരു സ്കൂട്ടറും ദീപ്തി സ്വന്തമാക്കി. കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷന്റേതായി 7500 രൂപ സബ്സിഡിയും ലഭിച്ചു.

ഇപ്പോൾ എച്ച്ബി (ഹീമോഗ്ലോബിൻ) പരി ശോധനയും നടത്തുന്നു. പരിശോധന നടത്തിയ ദിവസം, രോഗിയുടെ വിവരങ്ങൾ, പരിശോധനാ വിവരങ്ങൾ എന്നിവയും കൃത്യമായി രേഖപ്പെടുത്തി അതു ഹാപ്പിന് ദീപ്തികൈമാറുന്നു. പരിശോധനയ്ക്കായുള്ള ഉപകരണങ്ങളും മറ്റും മുൻകൂറായി പണം അടച്ചു ഹാപ്പിൽ നിന്നാണു വാങ്ങുന്നത്. കുടുംബശ്രീ സാന്ത്വനം വൊളന്റിയർമാരാകാൻ പരിശീലനം തേടാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ടവരെ സമീപിച്ചാൽ മതി. അവർക്കു വ്യക്തിഗത സൂക്ഷ്മ സംരംഭങ്ങളായി ഇതു തുടങ്ങാം. കുറഞ്ഞത് പത്താംക്ലാസ് പാസായിരിക്കണം. ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും അംഗമാകാം. കുടുംബശ്രീ അംഗങ്ങളോ കുടുംബശ്രീ അംഗങ്ങളായവരുടെ വീട്ടുകാരോ ആകണമെന്നു മാത്രം. ഇപ്പോൾത്തന്നെ 297 സാന്ത്വനം വൊളന്റിയർമാർ പ്രവർത്തിക്കുന്നുണ്ടെന്നറിയുക.

**പരിശോധന നിരക്ക്**

| പരിശോധന | രൂപ |
|---|---|
| 1. രക്തസമ്മർദം, ഭാരം | 20 |
| 2. പ്രമേഹം | 30 |
| 3. കൊളസ്ട്രോൾ | 80 |
| 4. എച്ച്ബി | 50 |

# 'പറങ്കി നട്ട്സ്' കൂട്ടായ്മയിലൂടെ 1 കോടി രൂപയുടെ വിൽപന

**പന്ത്രണ്ട് ഗ്രാമപഞ്ചായത്തുകളിലെ 74 വനിതകൾ ചേർന്നൊരു കൂട്ടായ്മ. 21 ഗ്രേഡുകളിലുള്ള കശുവണ്ടി അവർ വിൽക്കുന്നു. കശുവണ്ടി അച്ചാർ, സിറപ്പ് എന്നിവ അവരുടെ ഉൽപന്നങ്ങളാണ്.**





കുടുംബശ്രീ വനിതകൾ. ഇത്തരത്തിൽ വിജയം കൈവരിച്ച കുടുംബശ്രീ വനിതാ കൂട്ടായ്മകളിലൊന്നാണു കാസർകോട്ടെ സഫലം വനിതാ കശുവണ്ടി സംസ്കരണ സമിതി. ഇതിനു കീഴിൽ 12 കശുവണ്ടി സംസ്കരണ യൂണിറ്റുകളും ഒരു ഗ്രേഡിങ്-പാക്കിങ് കേന്ദ്രവും പ്രവർത്തിക്കുന്നു. 12 ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള 74 വനിതകളാണ് അംഗങ്ങൾ. 21 ഗ്രേഡുകളിലുള്ള കശുവണ്ടികളും കശുവണ്ടി അച്ചാറും കശുവണ്ടി സിറപ്പും ഇവിടെ ഉൽപാദിപ്പിക്കുന്നു. വർഷം ഒരു കോടിയിലേറെ രൂപയുടെ വിൽപനയാണ് ഇവർ നടത്തുന്നത്. പറങ്കി നട്സ് എന്ന ബ്രാൻഡിലാണ് ഇവർ കശുവണ്ടി വിൽക്കുന്നത്.

2008-09 കാലഘട്ടത്തിലാണു സഫലം വനിതാ കശുവണ്ടി സംസ്കരണ സമിതിക്കു തുടക്കമിടുന്നത്. കുടുംബശ്രീ കാസർകോട് ജില്ലാ മിഷന്റെ നേതൃത്വത്തിലായിരുന്നു സമിതിയുടെ രൂപീകരണം. അജനൂർ, ബേദടുക്ക, എൻമകജെ, കല്ലാർ, കാരടുക്ക, കുറ്റിക്കോൽ, കുടുംബെല്ലൂർ, കയ്യൂർ ചീമേനി, പാണത്തടി, പീലിക്കോട്, പുല്ലൂർ പെരിയ, പള്ളി ചെമ്മനാട് പഞ്ചായത്തുകളിലാണു സഫലത്തിന്റെ യൂറ്റുകൾ പ്രവർത്തിക്കുന്നത്. സമഗ്ര, ധനം, കീർത്തി, യൂണിറ്റി, ഐശ്വര്യ, മാതൃക, ഉദയശ്രീ, ധനശ്രീ, ഐശ്വര്യ, സഫലം, മേന്മ, ഗ്രാമശ്രീ, തേജസ് എന്നിവയാണു സഫലം സമിതിക്കു കീഴിലുള്ള കശുവണ്ടി സംസ്കരണ യൂണിറ്റുകൾ.

ഓരോ യൂണിറ്റിനും കുടുംബശ്രീ 50,000 രൂപ സബ്സിഡിയായി നൽകി. കൂടാതെ 17,500 രൂപ റിവോൾവിങ് ഫണ്ടായും നൽകിയിട്ടുണ്ട്. സഫലം കശുവണ്ടി സംസ്കരണ സമിതിക്കായി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിൽ നിന്നു 33 ലക്ഷം രൂപയും നൽകിക്കഴിഞ്ഞു. ഇതു കൂടാതെ വിൽപനയ്ക്കു സഹായമേകുന്നതിനായി ഒരു പിക്ക്അപ് വാനും നൽകിയിട്ടുണ്ട്. യൂണിറ്റ് അംഗങ്ങൾക്ക് പ്രതിമാസം ശരാശരി 9000 രൂപ വരുമാനം ലഭിക്കുന്നു. ഇത്തരം കൂട്ടായ്മകൾ ആർക്കും തുടങ്ങാം. കുടുംബശ്രീ അധികൃതർ എല്ലാ സഹായങ്ങളും നൽകും.

## കുടുംബശ്രീ ഇൻഫൊ



ജേർണലിസ്റ്റ് ഇന്റേൺഷിപ് പ്രോഗ്രാം - കുടുംബശ്രീയിൽ ജേർണലിസ്റ്റ് ഇന്റേൺഷിപ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. 2017-18 കാലയളവിൽ ജേർണലിസം ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിവരായിരിക്കണം അപേക്ഷകർ.

പ്രായപരിധി 18നും 30നും ഇടയിൽ (2018 ഡിസംബർ 1 അനുസരിച്ച്). പ്രവൃത്തി പരിചയം നിർബന്ധമില്ല. കുടുംബശ്രീ ജില്ലാ മിഷനുകൾ നൽകുന്ന അറിയിപ്പ് അനുസരിച്ചാകണം അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2018 നവംബർ 15. ഡിസംബർ ഒന്നു മുതൽ 2019 മേയ് വരെയുള്ള ആറു മാസമാണ് ഇന്റേൺഷിപ് കാലാവധി. പ്രതിമാസം 10,000 രൂപ സ്റ്റൈപന്റായി ലഭിക്കും.

## എന്താണു കൺസോർഷ്യം?

ഒരേ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ടോ അതിൽക്കൂടുതലോ സൂക്ഷ്മ സംരംഭ യൂണിറ്റുകളെ ചേർത്താണു കൺസോർഷ്യം രൂപീകരിക്കുന്നത്. ഓരോ കൺസോർഷ്യത്തിനും ഒരു പ്രസിഡന്റും സെക്രട്ടറിയും മാനേജരുമുണ്ട്. ചാരിറ്റബിൾ സൊസൈറ്റീസ് നിയമം അനുസരിച്ചാണു കൺസോർഷ്യം റജിസ്റ്റർ ചെയ്യുന്നത്. അതേസമയം ഓരോ യൂണിറ്റിനും സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയും. ഓരോ യൂണിറ്റിനും പ്രസിഡന്റും സെക്രട്ടറിയും വേണം.


മലയാള മനോരമ ആഴ്ചപ്പതിപ്പ് 2018 നവംബർ 10